**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2107** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശവും ലീസ് കുടിശ്ശികയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കാര്യവട്ടം കേരള യൂണിവേഴ്സിറ്റി കാമ്പസിൽ സ്ഥിതിചെയ്യുന്ന ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം ആരിൽ നിക്ഷിപ്തമാണെന്നും സ്റ്റേഡിയത്തിൽ കേരള സർവകലാശാലയ്ക്ക് ഉള്ള പങ്ക് എന്തെന്നും വിശദമാക്കാമോ; | (എ) | കേരളത്തിൽ നടന്ന 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വകലാശാലയുടെ കൈവശമുണ്ടായിരുന്ന സ്ഥലം പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്താണ് ഗ്രീൻഫീൽഡ് സ്റ്റേഡിയം നിർമ്മിച്ചത്. DBOT വ്യവസ്ഥയിൽ സ്വകാര്യ ഏജൻസി നിർമ്മിച്ച സ്റ്റേഡിയം കരാർ കാലാവധി പൂർത്തിയാകുന്നതോടെ കായിക വകുപ്പിന്റെ പൂർണ്ണ ഉടമസ്ഥതയിലാകും. |
| (ബി) | സർവകലാശാലയ്ക്ക് നൽകേണ്ട ലീസ് കുടിശ്ശിക എത്രയെന്നും പ്രസ്തുത തുക നൽകാൻ ആരാണ് ബാധ്യതപ്പെട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | കേരളസർവ്വകലാശാല രജിസ്ട്രാറുടെ 24.07.2023-ലെ കത്ത് പ്രകാരം ലീസ് കുടിശ്ശിക 2022 ഡിസംബർ വരെ 70,53,40,161/- രൂപയാണ്. കേരളസർവ്വകലാശാലയും ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റുമായുള്ള പാട്ടക്കരാർ പ്രകാരം ലീസ് തുക നൽകേണ്ടത് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റാണ്. ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് ഡിസോൾവ് ചെയ്ത സാഹചര്യത്തിൽ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട ചുമതല കായികയുവജനകാര്യ ഡയറക്ടറേറ്റിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ